**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200 — 08.03.2018 -ൽ മറുപടിക്ക്

**ഉത്തരവാദിത്ത ടൂറിസം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആന്റണി ജോൺ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. യു.ആർ. പ്രദീപ്<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സുസ്ഥിര ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി രാജ്യത്ത് ആദ്യമായി ഉത്തര വാദിത്ത ടൂറിസം നടപ്പാക്കിയ കുമരകം പദ്ധതിക്ക് യു.എൻ.-ന്റെ വേൾഡ് ടൂറിസം ഓർഗനൈസേഷൻ അവാർഡ് ലഭിച്ചിട്ടുണ്ടോ; | എ) കുമരകം ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് 2014 ൽ യു.എൻ-ന്റെ ഉല്ലീസിസ് അവാർഡ് ഫോർ ഇന്നവേഷൻസ് ഇൻ പബ്ലിക് പോളിസി ആന്റ് ഗവേർണൻസ് എന്ന അവാർഡ് ലഭിച്ചിട്ടുണ്ട്. |
| ബി) രാജ്യത്തിനാകെ മാതൃക യായതും തദ്ദേശജനതയുടെ പങ്കാളിത്തമുള്ളതുമായ ഉത്തരവാദിത്ത ടൂറിസം പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച തെന്ന് വിശദമാക്കുമോ; | ബി) രാജ്യത്തിനാകെ മാതൃകയായതും തദ്ദേശ ജനതയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതുമായ ഉത്തരവാദിത്ത ടൂറിസം പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഏതാനും കേന്ദ്രങ്ങളിൽ മാത്രമായി നടന്നു വന്നിരുന്ന ഉത്തര വാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പി ക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഇതുവഴി ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശവാസികൾക്ക് ലഭ്യമാക്കാനും ദോഷ ഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്നു. ഉത്തര വാദിത്ത ടൂറിസം പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 4.50 |

കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018-19 ലെ ബജറ്റിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്കായി 4.95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജനകീയവും ഉത്തരവാദിത്ത പൂർണ്ണവും സുസ്ഥിരവുമായ ടൂറിസം വികസനമെന്ന കാഴ്ചപ്പാടിലേയ്ക്ക് നാടിനെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 1,00,000 പേർക്ക് കൃഷി, ഉൽപ്പാദനം, വിപണനം, കല, കരകൗശലം എന്നീ മേഖലയിലെ പ്രോൽസാഹനത്തിലൂടെ തൊഴിൽ സാധ്യത പരമാവധി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

വ്യാപകമായ അവബോധശിൽപശാലകളും ജനകീയ പങ്കാളിത്തത്തോടെയുള്ള ടൂറിസം ആസൂത്രണത്തിനായുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപപ്പെടുത്തുന്നതാണ്. മാനവവിഭവശേഷി വികസിപ്പിക്കുന്നതിനായി കുറഞ്ഞത് 50,000 പേർക്കു തൊഴിൽ പരിശീലനം നൽകും. ടൂറിസം കേന്ദ്രങ്ങളെ മാലിന്യ വിമുക്തകേന്ദ്രങ്ങളാക്കാനും സ്കൂൾ തലം മുതൽ ഉത്തരവാദിത്ത പൂർണമായ ടൂറിസം സംസ്കാരം വളർത്തിക്കൊണ്ട് വരുന്നതിനുമായി ടൂറിസം ക്ലബ്ബുകൾ ആരംഭിക്കുവാനും ഉത്തരവാദിത്ത ടൂറിസം മിഷൻ ലക്ഷ്യമിടുന്നു.

| | |
|---|---|
| സി) സംസ്ഥാനത്ത് ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളെയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ? | സി) സംസ്ഥാനത്ത് പൂർണമായി ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിനായാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്ന പ്രദേശങ്ങളായ കുമരകം, തേക്കടി, കോവളം, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ തുടങ്ങിയവയ്ക്ക് പുറമേ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ധർമ്മടം<br>2. വർക്കല<br>3. പൂവാർ |

4. അഷ്ടമുടി
5. വൈക്കം-പെപ്പർ ടൂറിസം പദ്ധതി പ്രദേശം
6. ആലപ്പുഴ
7. മുഹമ്മ
8. ഫോർട്ട് കൊച്ചി
9. നിള ടൂറിസം പ്രദേശം
10. ഉത്തര മലബാർ റിവർ ക്രൂയിസ് സർക്യൂട്ട്
11. ജലായനം പ്രോജക്റ്റ് ഏരിയ (കോഴിക്കോട്)

I. <u>മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ - പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങൾ</u>

1. വലിയപറമ്പ
2. കോൾത്തുരുത്തി (ആന്തൂർ മുനിസിപ്പാലിറ്റിയിലെ ദ്വീപ്)
3. പാമ്പുരുത്തി ( കോളച്ചേരി പഞ്ചായത്ത് ദ്വീപ്)
4. മലപ്പട്ടം.
5. തെക്കുംപാട്ട് (മാട്ടൂൽ പഞ്ചായത്ത് ദ്വീപ് )
6. എഴോം പഞ്ചായത്ത്
7. തിരുവാർപ്പ് പഞ്ചായത്ത്
8. അയ്മനം പഞ്ചായത്ത്
9. ചെറുതുരുത്തി
10. പെരുവെമ്പ
11. വെള്ളിനേഴി
12. കാന്തല്ലൂർ
13. ഒളവണ്ണ

ഇതിനു പുറമേ ഉത്തരവാദിത്ത ടൂറിസം മിഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ കൂട്ടിയിണക്കി ഒരു വർഷം 14 എന്ന ക്രമത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ പ്രത്യേകമായി തെരഞ്ഞെടുക്കുന്ന പ്രദേശങ്ങളുടെ ടൂറിസം സാധ്യതകൾ മനസ്സിലാക്കാനും പ്രയോജനപ്പെടുത്താനും ടൂറിസം റിസോർസ് ഡയറക്ടറികൾ തയ്യാറാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ